# വിപശ്യനാ പത്രിക

*സയാജീ ഊ ബാ ഖിൻന്റെ പരമ്പരയ്ക്കനുസരിച്ച് എസ. എൻ. ഗോയങ്ക പഠിപ്പിച്ച ധ്യാന വിധി*

**Vol. 5, No. 8 : ആഗസ്ത് 2012**
**മലയാളം മാസ പത്രിക**

**വിപസ്സന റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്**
**ധമ്മഗിരി, ഇഗത്പുരി – 422 403, മഹാരാഷ്ട്ര**

### *ധർമ്മ വാണി*

*ധന്യ ഭാഗ് സാബുൻ മിലീ,*
*നിർമല് പായാ നീർ,*
*ആവോ ധോയേ സ്വയം ഹീ,*
*മന് കേ മൈലേ ചീർ.*

ധന്യമായി, സോപ്പും കിട്ടി,
നിർമലമായ ജലവും കണ്ടു,
വരുവിൻ കഴുകുക സ്വയമേവ,
മനമാം മലിന വസ്ത്രങ്ങൾ

— **എസ. എൻ. ഗോയങ്ക**

# ധർമ്മത്തിനോട് ശ്രദ്ധ

**എസ. എൻ. ഗോയങ്ക**

*(ജീ–ടീവിയിൽ തുടർച്ചയായി 44 ഭാഗങ്ങളായി പ്രസാരണം ചെയ്ത ഗോയങ്കജീയുടെ പ്രവചനങ്ങളുടെ 31 ാം ഭാഗം)*

ശ്രദ്ധ എന്നു വിളിച്ചാലും, വിശ്വാസം എന്നു വിളിച്ചാലും, ഭക്തി എന്നു വിളിച്ചാലും ധർമ്മത്തിന്റെ പഥത്തിൽ നടക്കുന്നവർക്ക് ഇത് വളരെ ആവശ്യകരമാണ്. എന്നാൽ ഭക്തിക്ക് ഒപ്പം തന്നെ ജ്ഞാനവും ഉണ്ടാകണം. ഭക്തിക്കും ജ്ഞാനത്തിനും ഒപ്പം തന്നെ കർമ്മവും ഉണ്ടാകണം. ഭക്തി, ജ്ഞാനം, കർമ്മം – ഇത് മൂന്നിന്റെയും ഉചിതമായ സമന്വയമുണ്ടെങ്കിലെ ധർമ്മത്തിന്റെ സർവ്വാംഗവും സംപൂർണ്ണമാകുകയുള്ളു. ഭക്തി ഇല്ലെങ്കിൽ ധർമ്മം മുടന്തനാകും, നടക്കാൻ സാധിക്കില്ല. ജ്ഞാനമില്ലെങ്കിൽ ധർമ്മം അന്ധനാകും, കാണാൻ കഴിയില്ല. കർമ്മമില്ലെങ്കിൽ ധർമ്മം നോണ്ടി ആകും, ജോലി ചെയ്യാൻ കഴിയില്ല. മൂന്നിന്റെയും കൂടിച്ചേരലുണ്ടായാലെ ധർമ്മം സമ്പൂർണ്ണമാകുക യുള്ളു. ഭക്തി വളരെ ആവശ്യമാണ്, എന്നാൽ വിവേകമുള്ള ഭക്തി, അന്ധഭക്തി അല്ല, അന്ധവിശ്വാസം അല്ല, അന്ധ ശ്രദ്ധയല്ല. ആരെപ്പറ്റി മനസ്സിൽ ശ്രദ്ധ ഉണർന്നുവോ, ഭക്തി ഉണർന്നുവോ, വളരെ വിവേകത്തോടൊപ്പം അവരുടെ ഗുണങ്ങളെ ഓർമ്മിക്കണം എന്നിട്ട് അവരിൽ നിന്ന് പ്രേരണ നേടി അത്തരം ഗുണം സ്വന്തം ജീവനിൽ കൊണ്ടുവരാനുള്ള ജോലി തുടങ്ങണം, അപ്പോൾ ഭക്തി നന്മകാരിണിയായി, അതല്ലെങ്കിൽ ഈ ഭക്തി അന്ധഭക്തി ആയിത്തീർന്നാൽ കാലിലെ ബന്ധനങ്ങളായിത്തീരും. ധർമ്മത്തിന്റെ വഴിയിൽ ഒരു ചുവടുപോലും, നടക്കാൻ കഴിയില്ല. മുഴുവൻ ജീവിതവും കൂരിരുട്ടിൽ കഴിയും. അതിനാൽ ജ്ഞാനം ഒപ്പമുണ്ടാകേണ്ടതുതന്നെയുണ്ട്.

ആർക്കെങ്കിലും ശിവനോട് ഭക്തിയുണ്ടായി. ഭഗവാൻ ശിവനോട് ഭക്തി ഉണ്ടായി എങ്കിൽ വളരെ മംഗളം. ശിവ ശബ്ദത്തിന്റെ അർത്ഥം തന്നെ മംഗളം എന്നാണ്. മംഗളം തന്നെ മംഗളം. ശിവന്റെ ചിത്രം, ഏതെങ്കിലും പ്രതിമ കണ്ടിരിക്കാം. എപ്രകാരമാണ് ധ്യാനാവസ്ഥയിലിരിക്കുന്നത്. മുഖത്ത് എത്ര ശാന്തിയാണ്. എത്ര കാന്തിയാണ്. തലയിൽ സർപ്പം പത്തിവിടർത്തിയിരിക്കുകയാണ്. കഴുത്തിൽ സർപ്പം, കൈയ്യിൽ സർപ്പം, അരയിൽ സർപ്പം, നാലുവശത്തും കാലൻ തന്നെ കാലൻ എന്നാലും മുഖത്തിൽ ഒരു ചുളിവുപോലുമില്ല. നിർഭയനാണ്, എന്തെന്നാൽ നിർവൈരനാണ്. ആര് നിർവൈരനാണോ, അയാൾ നിർഭയനാണ്, അപ്പോൾ ശിവനാണ്. കഴുത്ത് നീലനിറമാണ് എന്ന് കണ്ടിരിക്കും. നീലകണ്ഠനാണ്. നമ്മുടെ ഇവിടെ വളരെയേറെ കഥകൾ പ്രതീകങ്ങളുടെ ഭാഷയിൽ എഴുതിയിട്ടുണ്ട്. അതിനാൽ കഥ കഥയാണ്. ദേവൻമാരും അസുരൻമാരും തമ്മിൽ വീണ്ടും വീണ്ടും യുദ്ധമുണ്ടായിക്കൊണ്ടിരുന്നു. ഒരിക്കൽ അവർ ഒരുമിച്ചു പറഞ്ഞു, പോകാം നമ്മൾ ഒരുമിച്ച് ഈ സമുദ്രത്തെ കടയാം എന്നിട്ട് ഇതിൽ നിന്ന് ഏതൊരു രത്നം പ്രാപ്തമാകുമോ അതിനെ നമുക്ക് പങ്കുവക്കാം. രണ്ടുപേര് ഒരുമിച്ച് കടഞ്ഞു.

കടഞ്ഞുകൊണ്ടിരിക്കുമ്പോൾ അതിൻ നിന്ന് അമൃതും വന്നു, വിഷവും വന്നു. അമൃതാകട്ടെ എല്ലാവരും ആഗ്രഹിച്ചു എന്നാൽ വിഷം ആരും എടുക്കാൻ ആഗ്രഹിച്ചില്ല. വലിയ വിഷമ സ്ഥിതിയായി. അപ്പോൾ ഈ ശിവൻ പറയുകയാണ്, സഹോദര തരൂ, ഈ വിഷം എനിക്കു തരൂ. സമാജത്തിൽ വഴക്കും തമ്മിലടിയും ആകുമ്പോൾ ആരെങ്കിലും വിഷത്തെ എടുക്കണമല്ലോ. ഞാൻ വിഷം കുടിക്കാം. മുഴുവൻ വിഷവും കുടിച്ചു. ഇത്തരം ഘോര വിഷം, അതിനാൽ കഴുത്ത് നീലനിറമായി. നീലകണ്ഠനായി എന്നാൽ നെറ്റിയിൽ ആ വിഷത്തിന്റെ ചൂടുവന്നില്ല. നെറ്റി ശീതളമാണ്. പ്രതീകങ്ങളുടെ ഭാഷയല്ലെ. അതിനാൽ പറഞ്ഞു നെറ്റിയിൽ ചന്ദ്രനാണ്. ശീതളത തന്നെ ശീതളത.

കൂടുതൽ ശീതളത കാണിച്ചു എന്തെന്നാൽ തലയിൽ നിന്ന് ഗംഗ പുറത്തു വരികയാണ്, ഹരഹരഗംഗാ, ഹരഹരഗംഗാ.

സാധകൻ എപ്പോൾ ശിബിരങ്ങളിൽ വരുന്നുവോ അപ്പോൾ ചിലർക്ക് ഏഴാമത്തെ ദിവസം, ചിലർക്ക് എട്ടാമത്തെ ദിവസം, ചിലർക്ക് ഒൻപതാമത്തെ ദിവസം തലമുതൽ പാദംവരെ ധർമ്മത്തിന്റെ ഹരഹരഗംഗ ഒഴുകാൻ തുടങ്ങുന്നു. ഈ ധർമ്മത്തിന്റെ തരംഗം വളരെ ശാന്തി തരുന്നു, എന്തെന്നാൽ നിർമ്മലത തരുന്നു. നിർമ്മലമായാൽ അപ്പോഴെ മംഗളമാകൂ. നിർമ്മലമായി. വികാരങ്ങളിൽ നിന്നും വിടുതൽ നേടി. ചിലപ്പോൾ ചിലപ്പോൾ വികാരങ്ങളെ ദമനം ചെയ്യേണ്ടതുണ്ട്. നമ്മുടെ തലയിൽ കയറിവരുന്ന ആ വികാരങ്ങൾ, അവയെ അമർത്തേണ്ടതുണ്ട്. ഇതിനാലാണ് 'പശുപതി' എന്നു പറഞ്ഞത്. പശു എന്താണ് നമ്മുടെ ഉള്ളിൽ ഏതൊരു ബന്ധനസ്വഭാവമുണ്ടോ, അത് വീണ്ടും വീണ്ടും നമ്മുടെ തലയിൽ കയറുന്നു. ഇപ്പോൾ ഇദ്ദേഹം അവയുടെ മേലെസവാരിയായി. അതായത് പശുവിൽ സവാരി ചെയ്യാൻ തുടങ്ങി അതിനാൽ പശുപതി ആയി. എന്നാൽ ഇതു മാത്രമായാൽ കാര്യം നടക്കില്ല. മുന്നോട്ടു പോകുകയാണെങ്കിൽ ദമനമല്ല, ശമനം ചെയ്യേണ്ടതുണ്ട്. വേരോടെ പോകണം, അതിനാൽ ശമനം ചെയ്യുന്നു. ഇതിനാലാണ് ശങ്കർ എന്നു വിളിക്കുന്നത്. എന്തെന്നാൽ ശമനം ചെയ്യുന്നു. വിപശ്യിയും, വിപശ്യന ചെയ്യുന്നു. വികാരങ്ങളെ വേരോടെ നീക്കം ചെയ്യുന്നു. കാമവാസന ഉണർന്നാൽ അതിനെ അമർത്തി വക്കുകയല്ല, ഭസ്മീകരിക്കും. കാമത്തെ ഭസ്മീകരിച്ചു. അയ്യോ, പ്രതീകങ്ങളുടെ ഭാഷയാണ് സഹോദരാ. അത്തരം ഗുണം നമ്മളിലും വരേണ്ടതല്ലെ! അല്പം അല്പമെങ്കിലും വരാൻ തുടങ്ങിയാൽ, ശിവന്റെ ഭക്തി മംഗളമായി എന്നു വിചാരിക്കാം. ഇല്ലെങ്കിൽ അതേ യാചക ഭക്തിയാണ് – ഹേ ശിവജീ മഹാരാജ് എനിക്ക് അതു തന്നാലും, ഞങ്ങൾക്ക് ഇതു ചെയ്തു തന്നാലും, അതു ചെയ്താലും. അയ്യോ, ആരാണ് നമുക്ക് തരുന്നത്? നമുക്ക് ഏതൊന്ന് പ്രാപ്തമാകുന്നുവോ, നമ്മുടെ കർമ്മങ്ങളിൽ നിന്നാണ് പ്രാപ്തമാകുന്നത്. എത്തരം വിത്താണ് വിതച്ചു കൊണ്ടിരിക്കുന്നത് അത്തരം ഫലമാണ് വരിക. ഈ ബോധം ഉണ്ടാകേണ്ടതുണ്ട് ബോധമില്ല അപ്പോൾ ഹേ ശിവജിമഹാരാജ്, എനിക്ക് ഇത് തരിക, എനിക്ക് ഇത് തരിക എങ്കിൽ ഭക്തി ശുദ്ധമായില്ല. നിഷ്കാമമാകേണ്ടതുണ്ട്. സകാമ ഭക്തിയല്ല.

ശരിക്കും ഇതേപ്രകാരം ആർക്കെങ്കിലും ഗണേശനോട് ഭക്തിയുണ്ടായി. ഗണപതിയോട് ഭക്തിയുണ്ടായി. പ്രതീകങ്ങളുടെ ഭാഷയെ മനസ്സിലാക്കണം. ഗണപതി എന്താണ്? 'ഗണാനാത്വാ: ഗണപതി ഗംഗവാമഹെ' – ഗണങ്ങളുടെ പതിയാണ്. ഒരു സമയത്ത് ഭാരതത്തിൽ ഗണം തന്നെ ഗണം, ഗണരാജ്യം തന്നെ ഗണരാജ്യം ആയിരുന്നു. അതിനാൽ ഗംരാജ്യങ്ങളുടെ അധിപതി ആരാണോ, അത് ഗണപതിയാണ്. രാഷ്ട്രത്തിന്റെ നായകനാണ്, രാഷ്ട്രത്തിന്റെ നേതാവാണ്. അതിനാൽ ആർക്ക് രാഷ്ട്രത്തിന്റെ നേതൃത്വം ചെയ്യണമോ – അവർക്ക് ഒരു ആദർശമാണ്. പ്രതീകങ്ങളാൽ മനസ്സിലാക്കി തന്നു. ആനയുടെ തലയാണ്. ആനയുടെ തല എന്താണ് – മേധ ഇത്ര അധികമാണ്, പ്രേമം ഇത്ര അധികമാണ്, ബുദ്ധി ഇത്ര അധികമാണ് അത് സാമാന്യമായ തലയിൽ കൊള്ളില്ല. ഇതിനാലാണ് ആനയുടെ തല. രാഷ്ട്രനായകൻ ആരാണോ, അയാൾ വളരെ ബുദ്ധിമാൻ ആകേണ്ടതുണ്ട്, വളരെ മേധാവി ആകേണ്ടതുണ്ട്. അപ്പോഴെ രാഷ്ട്ര നായകനാകാൻ യോഗ്യനാകൂ, ഗണപതിയാകാൻ യോഗ്യനാകൂ. ആനയുടെ തലയിൽ എല്ലാവരുടെയും തല, ആനയുടെ കാലിൽ എല്ലാവരുടെയും കാല് അങ്ങനെയും പറയാം. ഇത്ര ബുദ്ധിമാൻ, ഇത്ര ബുദ്ധിശാലി, ഇത്ര മേധാവി കൂടാതെ വലിയ വലിയ രണ്ടു കാത്, ആർക്ക് രാഷ്ട്രത്തിന്റെ, ഗണത്തിന്റെ, രാജ്യത്തിന്റെ നേതൃത്വം ചെയ്യണോ അവന്റെ കാത് വലുത്–വലുതായിരിക്കണം, അപ്പോഴേ എല്ലാവരുടെയും കാര്യം കേൾക്കാൻ പറ്റുകയുള്ളു കേവലം പ്രശംസ ചെയ്യുന്നവരുടെ മാത്രം കേൾക്കുകയാണെങ്കിൽ നല്ല നായകനല്ല, നല്ല ഗണപതിയല്ല. നിന്ദ ചെയ്യുന്നവരായാലും പ്രശംസ ചെയ്യുന്നവരായാലും, ആര്, ഏതു കാര്യം പറയുന്നോ, അതിനെ നല്ല ശ്രദ്ധയോടെ കേൾക്കണം. മുഴുവൻ രാഷ്ട്രത്തിന്റെയും ശബ്ദം വളരെ ശ്രദ്ധയോടെ കേൾക്കുന്നു. കേൾക്കുന്നത് അധികമാണ്, പറയുന്നത് വളരെ കുറവാണ്. അതിനാൽ വായിനുമുമ്പിൽ ഇത്ര വലിയ തുമ്പിക്കൈ വച്ചു. പറയുന്ന ജോലിയില്ല. എപ്പോഴെങ്കിലും ശത്രുക്കളെ ഭയപ്പെടുത്തണമെങ്കിൽ വലിയ ഉച്ചത്തിൽ ചിന്നം വിളിക്കട്ടെ, പറയരുത്. ആയതുകൊണ്ട് ഇത്ര വലിയ തുമ്പി കൈ വച്ചു. ശബ്ദങ്ങളുടെ സഹായത്താൽ ഭരിക്കില്ല, ജോലി ചെയ്യും. വാക്കുകളുടെ ശൂരനല്ല, കർമ്മത്തിന്റെ ശൂരനാണ്. കൂടാതെ രണ്ടുകൈ ഉണ്ടു താനും, ഈ തുമ്പികൈയും കൈകളുടെ ജോലി ചെയ്യുന്നതാണ്. അതിനാൻ നല്ലപോലെ ജോലി ചെയ്യുന്നു.

രാഷ്ട്രനായകൻ – അധ്വാനിയല്ലെങ്കിൽ രാഷ്ട്രത്തിന്റെ ഉന്നതി എങ്ങനെ ഉണ്ടാകും? വളരെ അധ്വാനിയാണ് അപ്പോൾ ഋദ്ധി വരുന്നു, സിദ്ധി വരുന്നു, സമൃദ്ധി വരുന്നു. ഗണപതി മുഴുവൻ ഗണത്തിന്റെ പ്രതീകമാണ് എന്തെന്നാൽ അതുവഴി ഗണത്തിന്റെ പക്കൽ ഋദ്ധി വരുന്നു, സിദ്ധി വരുന്നു, സമൃദ്ധി വരുന്നു. ഗണപതിയിൽ മുഴുവൻ ഗുണവും സമാഹിതമായി. പിന്നെ പറഞ്ഞു – ലംബോധരൻ ആണ്. ഇത്ര വലിയ ഉദരമുണ്ട് – മുഴുവൻ സമൃദ്ധിയെയും ശരിക്കും സുരക്ഷിതമാക്കി വക്കുന്നു. ഇതിനാലാണ് പറഞ്ഞത് – നിധിനാന്ത്വാ നിധിപതി ഗംഗവാമഹെ. നിധിനാന്ത്വാ–നിധിപതിയാണ്. രാഷ്ട്രത്തിന്റെ മുഴുവൻ നിധിയും സൂക്ഷിച്ചു വക്കുന്നു, സുരക്ഷിതമാക്കിവക്കുന്നു. ഒരിക്കലും ഭ്രഷ്ട്ടാചാരത്താൽ നഷ്ടമാകരുത്. വളരെ വിവേകമുള്ളവനാണ്. വളരെ അധ്വാനത്താൽ ജനങ്ങൾ സമ്പാദിച്ച് രാജ്യത്തിന് നികുതി കൊടുക്കുന്നു അവരുടെ അധ്വാനത്താൽ പ്രാപ്തമായ നികുതി എങ്ങാനും വ്യർത്ഥമാകരുത് – വളരെ വിവേകിയാണ്. രാഷ്ട്രത്തിലെ ഓരോ വ്യക്തിക്കും ഉപയോഗപ്പെടണം. രാഷ്ട്രത്തിന്റെ ഉന്നതിക്ക്, രാഷ്ട്രത്തിന്റെ മുന്നേറ്റത്തിന്, രാഷ്ട്രത്തിന്റെ സമൃദ്ധിക്ക് ഓരോ വ്യക്തിക്കും, ഓരോ പ്രാണിക്കും – ചെറിയ ചെറിയ എലികളാൽപോലും – അവർക്കും ഉപയോഗമുണ്ടാകണം. വിവേകമുള്ളവനാണ്. വളരെ ബുദ്ധിശാലിയാണ്. വളരെ മേധാവിയാണ്.

കഥ കഥയാണ്. ദേവൻമാർക്കിടയിൽ മത്സരം ആയി എന്തെന്നാൽ മുഴുവൻ ലോകത്തിലും

പരിക്രമണം ചെയ്ത് ആര് വേഗം വരും. എല്ലാവരും ഓടിപ്പോയി. അപ്പോൾ മേധാവിയല്ലെ – സ്വന്തം മാതാവ്, സ്വന്തം പിതാവ് – മതി അവരുടെ പരിക്രമണം ചെയ്തു. അച്ഛനും അമ്മയിൽ നിന്നുമല്ലെ മുഴുവൻ ലോകവും ജനിക്കുന്നത്. അതിനാൽ മുഴുവൻ ലോകവും അമ്മയിലും അച്ഛനിലും സമാഹിതമാണ്, അവരെ പരിക്രമണം ചെയ്തു. ബുദ്ധിശാലിയല്ലെ അതിനാൽ സ്വന്തം സമയവും ശ്രമവും മുഴുവൻ ഭൂമിയെ പരിക്രമണം ചെയ്യാൻ എന്തിനാണ് നഷ്ടമാക്കുന്നത്. കേവലം പ്രതീകമാണ്. മുഴുവൻ പ്രതീകാത്മക ഭാഷയാണ്. ഇത്തരം ഗുണം വരാൻ തുടങ്ങിയാൽ വളരെ മംഗളമാകും. എന്നാൽ എപ്പോൾ ഭക്തി അന്ധഭക്തി ആയിത്തീരുന്നോ അപ്പോൾ നന്മ നിന്നു, മംഗളം നിന്നു. ജ്ഞാനമുള്ള ഭക്തിയാണെങ്കിൽ ബോധം ഉണരും. എത്തരം ജ്ഞാനമാണ് – അത്തരം ഗുണം എന്നിലും വരട്ടെ, അപ്പോൾ എന്റെ ഉപാസ്യ ദേവത പ്രസന്നമാകും. അതല്ലെങ്കിൽ എങ്ങനെ പ്രസന്ന മാകും. വളരെ വിവേകത്തോടെയുള്ള ഭക്തി ഉണ്ടാകേണ്ടതുണ്ട്.

ഭഗവാൻ രാമനോട് ഭക്തിയുണ്ടായി. വളരെ നന്മയുടെ കാര്യമായി. രാമന്റെ ഗുണങ്ങളെ ഓർമ്മിക്കുക എന്നിട്ട് പ്രേരണ നേടി അത്തരം ഗുണം സ്വന്തം ജീവനിൽ കൊണ്ടുവരാൻ തുടങ്ങുക. മംഗളം തന്നെ മംഗളം. എല്ലാവരിലും മൂത്ത പുത്രനായതിനാൽ അച്ഛൻ യുവരാജാവിന്റെ പദത്തിൽ നിയമിച്ചു. ഇനി എനിക്കു ശേഷം ഈ രാജ്യത്തിന്റെ അടുത്ത അധികാരിയാകും. വീണ്ടും ഏതോ കാരണത്താൽ വിചാരം മാറി. ഇല്ല, രാജ്യത്തിന്റെ അടുത്ത അവകാശി ഇദ്ദേഹത്തിന്റെ ചെറിയ സഹോദരൻ ഭരതനാണ് മാത്രമല്ല ഇദ്ദേഹം പതിനാലു വർഷം വരെ വനത്തിൽ താമസി ക്കേണ്ടതുണ്ട്. പിതാവിന്റെ ആജ്ഞ ശിരസ്സാ വഹിച്ചു. ഇന്നത്തെ ഏതെങ്കിലും രാഷ്ട്രീയ നേതാവാണെങ്കിൽ ബഹളമുണ്ടാക്കും. ആൾക്കാരെ കൂട്ടും, ജാഥ നയിക്കും, മുദ്രാവാക്യം വിളിക്കും. ഈ പദത്തിന് എനിക്കാണ് അവകാശം. ഞാൻ മൂത്ത പുത്രനാണ്. എടുത്തേ വിടുകയുള്ളു. രാമനല്ലെ, ഓ, അച്ഛനാണവകാശം. അച്ഛൻ ആർക്കുക്കൊടുക്കു ന്നുവോ അവനു കൊടുക്കട്ടെ. അതിനാൽ രാജധാനിയിൽ നിന്ന് പുറപ്പെട്ടു.

'രാജീവലോചന രാമ ചലെ,

തജി ബാപ് കൊ രാജ് ബടാവും കീനാഹീ'

അച്ഛന്റെ രാജ്യമാണ്, എന്റെയല്ല. അദ്ദേഹം ആർക്കുവേണമെങ്കിലും കൊടുക്കട്ടെ.

ഏതെങ്കിലും സഞ്ചാരി അല്ലെങ്കിൽ വഴിയാത്രക്കാരൻ വരുന്നു, ധർമ്മശാലയിൽ കുറച്ചു ദിവസം താമസിക്കുന്നു, വീണ്ടും വിട്ടു നടക്കുന്നു. അതിനെപ്പറ്റി ആസക്തനാകുന്നില്ല. അത്തരം വഴിയാത്രക്കാരനെ പ്പോലെ രാജ്യം വിട്ടു നടന്നു. വനവാസമായി. ഇത് അറിഞ്ഞ ഉടനെ, ഇത് വളരെ അനർത്ഥമായല്ലൊ എന്ന് അനുജൻ വിചാരിക്കുന്നു. രാജ്യത്തിന്റെ അധികാരി അദ്ദേഹമാണ്, അച്ഛന്റെ തീരുമാനം തെറ്റാണ്. ഞാൻ എങ്ങനെ സമ്മതിക്കും? അതിനാൽ കാട്ടിൽ അദ്ദേഹത്തിന്റെ പിന്നാലെ പോകുകയാണ്. ചിത്രകൂടത്തിൽ രണ്ടു സഹോദര ന്മാരും കണ്ടു മുട്ടുന്നു എന്നിട്ട് വഴക്കുകൂടുന്നു. ഓ, ലോകത്തിൽ സഹോദരൻമാർ എല്ലായിടത്തും വഴക്കു കൂടാറുണ്ട്, എന്നാൽ ഇവരുടെ വഴക്ക് നോക്കൂ – മറ്റുള്ള സഹോദരർ വഴക്കടിക്കുന്നതെന്തി നെന്നാൽ – ഈ സമ്പത്ത് എന്റെയാണ്, ഈ ധനം എന്റെയാണ്. ഈ സഹോദരർ വഴക്കുകൂടുന്നതെന്തി നെന്നാൽ ഈ സമ്പത്ത് നിന്റെ, ഈ ധനം നിന്റെ, രാജ്യത്തിന്റെ ഈ വൈഭവം നിങ്ങളുടെ, ഞാൻ വനത്തിൽ താമസിക്കും. മറ്റേയാൾ പറയുന്നു, ഇല്ല, രാജ്യത്തിന്റെ ഈ വൈഭവം നിങ്ങളുടെ ഞാൻ വനത്തിൽ താമസിക്കും. ഇല്ല, പിതാവിന്റെ നിർണ്ണയും തെറ്റാണ്, ഞാൻ വനത്തിൽ താമസിക്കും. അയ്യോ, രണ്ടുസഹോദരർ വഴക്കു കൂടുന്നതെന്തിനെന്നാൽ ഈ മുഴുവൻ സുഖ സമ്പത്തും, വൈഭവവും നീ അനുഭവിക്കൂ. മനുഷ്യജാതിയുടെ ഇതിഹാസത്തിൽ ഇത്തരം മറ്റൊരു ഉദാഹരണം ലഭിക്കില്ല. രാമന്റെ ആദർശം ഇങ്ങനെ എന്നാൽ നമ്മൾ അദ്ദേഹത്തിന്റെ ആദർശത്തിനെ അല്പം പോലും അനുകരിക്കുന്നില്ല, സ്വന്തം ജീവനിൽ അല്പം പോലും കൊണ്ടുവരുന്നില്ല.

രണ്ടു സഹോദരർ ശരിക്കും വഴക്കടിക്കുക യാണ്. രണ്ടു പേർക്കിടക്കു സിവിൽ കേസ് നടക്കുന്നു, ക്രിമിനൽ കേസ് നടക്കുന്നു ഏത് കാര്യത്തിൽ എന്തെന്നാൽ ഭാഗം വച്ചപ്പോൾ എന്റെ ഭാഗത്തിലെ അല്പം ഭൂമി നിന്റെ ഭാഗത്തേക്ക് പോയി. ഞങ്ങളുടെ അല്പം പണത്തിന്റെ ഭാഗം..... ശരിക്കും കലഹിക്കുകയാണ്. ഒരാൾ മറ്റെയാളുടെ ജീവിത ശത്രു. എന്നിരുന്നാലും രണ്ടുപേരും തന്നെത്താൻ രാമഭക്തൻ എന്നു വിളിക്കുന്നു. എവിടെ രാമകഥ ഉണ്ടാകുമോ, രണ്ടുപേരും മുന്നിൽ പോയിരിക്കും എന്തെന്നാൽ ഞങ്ങൾ എത്ര രാമഭക്തരാണെന്ന് ജനങ്ങൾ അറിയട്ടെ. രാവിലെ രാവിലെ നന്നായി രാമരാമ എന്നു ജപിക്കും. രാമായണത്തിന്റെ പാരായണം ചെയ്യും. ഇാമ ഭക്തിയുടെ വലിയ പ്രദർശനം ചെയ്യും എന്നാൽ അദ്ദേഹത്തിന്റെ ജിവന്റെ ആദർശം അല്പം പോലും സ്വന്തം ജീവനിൽ കൊണ്ടു വരില്ല. എത്തരം ഭക്തിയാണിത്? ബോധം നഷ്ടപ്പെട്ടു. ഭക്തിയുടെ പേരിൽ അന്ധത തന്നെ അന്ധത, അന്ധത തന്നെ അന്ധത. അയ്യോ, നമ്മൾ നമ്മളുടെ ഉപാസ്യ ദേവതയുടെ ഗുണങ്ങളിൽ നിന്ന് പ്രേരണ നേടണം എന്നിട്ട് അവയെ സ്വന്തം ജീവനിൽ ധാരണം ചെയ്യാനുള്ള ജോലി തുടങ്ങണം – ഭക്തിയുടെ ഉദ്ദേശം – ഭക്തിക്ക് ഒപ്പം ജ്ഞാനം ഉണ്ടേകേണ്ടത് ആവശ്യമാണ് കൂടാതെ അതിന്റെ ഒപ്പം കർമ്മം ഉണ്ടാകേണ്ടത് ആവശ്യമാണ്. ധർമ്മം അപ്പോഴാണ് സമ്പൂർണ്ണമായത്. ഈ ബോധം ഉണ്ടാകുമെങ്കിൽ അപ്പോൾ ഭക്തി വളരെ മംഗളകരമായി.

ആർക്കെങ്കിലും കൃഷ്ണനെപ്പറ്റി വലിയ ഭക്തി ഉണർന്നു. മംഗളകരമായി. എന്നാൽ മംഗളമാകാൻ സമ്മതിക്കില്ല. കൃഷ്ണന്റെ വാണി ഗീതയിൽ വായിക്കാറുണ്ട്.

അനപേക്ഷ, സുചിർദക്ഷ്, ഉദാസീനോ ഗതവ്യഥാ:

സർവ്വാരംഭ പരിത്യാഗി, യോ മദ് ഭക്ത സ മേ പ്രിയ:

യോ മദ് ഭക്ത സ മേ പ്രിയ: എനിക്ക് അത്തരം ഭക്തനെ പ്രിയമാണ്. ഭഗവാൻ പറയുകയാണ് എനിക്ക് അത്തരം ഭക്തനെയാണ് പ്രിയം. എത്തരം ഭക്തൻ? അനപേക്ഷ: ആരുടെ മുഴുവൻ അപേക്ഷകളും, തൃഷ്ണകളും എല്ലാം

സമാപ്തമായി. തണ്ഹാനം ഖയമജ്ജഗാ – മുഴുവൻ തൃഷ്ണകളിൽ നിന്നും മുക്തനായി, അത്തരം 'അനപേക്ഷ'. സുചി – ശുദ്ധനായി, നിർമ്മല ചിത്തനായി. ദക്ഷ: ചിത്തം നിർമ്മലമാക്കുന്ന കാര്യത്തിൽ ഭക്ഷനായി. സ്വന്തം ചിത്തത്തെ നിർമ്മല മാക്കുന്ന വിദ്യയിൽ പാരംഗതനായി.

ഉദാസീനോ–(പഴയ ഭാഷയാണ്) അതായത് സമതയിൽ സ്ഥാപിതനായി. മനസ്സിന്റെ സന്തുലനം നഷ്ടപ്പെടുത്തുന്നില്ല. എല്ലാ അവസ്ഥയിലും സമത തന്നെ സമത, എല്ലാ അവസ്ഥയിലും സമത തന്നെ സമത. ഗതവ്യഥ: അത്തരം വ്യക്തിയുടെ മുഴുവൻ വ്യഥകളും സമാപ്തമായി. ദുഖത്തിന്റെ കണിക പോലും ഇല്ല. എന്തുകൊണ്ട്? എന്തെന്നാൽ തീർത്തും അനാരംഭി ആയി. സർവ്വാരംഭ പരിത്യാഗി – ഒന്നും തന്നെ ആരംഭമാകാനെ സമ്മതിക്കുന്നില്ല. എല്ലാം ത്യജിച്ചു. എന്ത് ആരംഭമാകാൻ സമ്മതിക്കുന്നില്ല? ചിത്ത ധാരയിൽ രാഗം ആരംഭമാകാനെ സമ്മതിക്കുന്നില്ല, ദ്വേഷം ആരംഭമാകാനെ സമ്മതിക്കുന്നില്ല. ദുർഗുണങ്ങളുടെ ആരംഭം ആകാനെ സമ്മതിക്കുന്നില്ല. ദുർഗുണത്തിന്റെയും, വികാരത്തിന്റെയും ആരംഭ മാകരുത്, അതിനാൽ സർവ്വാരംഭ പരിത്യാഗി. യോ മദ് ഭക്ത സ മെ പ്രിയ: എനിക്ക് അത്തരം ഭക്തൻ പ്രിയങ്കരനാണ്. താങ്കൾ അത്തരം പ്രിയങ്കരനാകാം – ഞങ്ങൾക്ക് അത്തരം ഭക്തൻ പ്രിയങ്കരനല്ല. ഞങ്ങൾ എവിടെ മണിയടിക്കുന്നോ, സുഗന്ധധൂപം പുകയ്ക്കുന്നോ, ദീപം കത്തിക്കുന്നോ, പുഷ്പം അർപ്പിക്കുന്നോ, താങ്കളുടെ പ്രശംസ ചെയ്യുന്നോ, വീണ്ടും വീണ്ടും താങ്കളുടെ നാമം ഉരുവിടുന്നോ അപ്പോൾ താങ്കൾ സന്തോഷിക്കണം – ഞങ്ങൾക്ക് അത്തരം ഭഗവാനാണ് വേണ്ടത്. മതി, അത്തരം ഭഗവാനാണ് വേണ്ടത്.

അഹോ, സഹോദരാ, എങ്ങനെ ധർമ്മത്തിൽ സ്ഥാപിതനാകും – ചിത്തം നിർമ്മലമാക്കുന്നതിന് ഒരു ജോലിയും ചെയ്യുന്നില്ല, അപേക്ഷകളിൽ നിന്നും മുക്തമാകുന്നതിന് ഒരു ജോലിയും ചെയ്യുന്നില്ല. എപ്പോൾ നോക്കിയാലും രാഗം ഉണർത്തുന്നു, ദ്വേഷം ഉണർത്തുന്നു. എന്നാൽ തന്നെ കൃഷ്ണഭക്തനെന്ന് വിശ്വസിക്കുന്നു. അതിനാൽ സഹോദരാ, ഭക്തി മംഗളകരം ആയില്ല. ഭക്തി ജ്ഞാനത്താൽ നിറഞ്ഞതാകണം കൂടാതെ കർമ്മത്തിൽ വരണം, ആചരണത്തിൽ വരണം അപ്പോൾ കാണാം, ധർമ്മത്തിന്റെ വഴിയിൽ മുന്നേറി ക്കൊണ്ടു പോകുകയാണ്, ശുദ്ധ ധർമ്മത്തിന്റെ വഴിയിൽ മുന്നേറിക്കൊണ്ടു പോകുകയാണ്. ഉപാസ്യദേവത ഇതായാലും അതായാലും ഒരു വ്യത്യാസവും വരില്ല. ശുദ്ധധർമ്മത്തിന്റെ വഴിയിൽ മുന്നേറിയാൽ എല്ലാവർക്കും മംഗളമേ ഉണ്ടാകുകയുള്ളു. മംഗളമേ ഉണ്ടാകുകയുള്ളു. നന്മയേ ഉണ്ടാകുകയുള്ളു. സ്വസ്തി ഉണ്ടാകും. മുക്തി ഉണ്ടാകും.